ഹദീസ്

ഡോ. കെ. മുഹമ്മദ്, പാണ്ടിക്കാട്

# തീവ്രത എല്ലാം നഷ്ടപ്പെടുത്തും

عن عبدالله بن عباس قالَ لي رسولُ اللَّهِ صلَّى اللَّهُ عليْهِ وسلَّمَ غداةَ العقبةِ وَهوَ على راحلتِه: هاتِ القُطْ لي، فلقطتُ لَهُ حصياتٍ هنَّ حصى الخَذفِ، فلمَّا وضعتُهنَّ في يدِه، قال: بأمثالِ هؤلاءِ، وإيَّاكم والغلوَّ في الدِّين، فإنَّما أَهلَكَ من كان قبلَكُمُ الغلوُّ في الدِّينِ (صحيح النسائي)

**അബ്ദുല്ലാഹിബ്നു അബ്ബാസി(റ)ൽനിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) അഖബയിൽ കല്ലെറിയുന്ന (ബലിപെരുന്നാൾ) ദിവസം രാവിലെ വാഹനപ്പുറത്തിരുന്ന് എന്നോട് പറഞ്ഞു: 'എറിയാനുള്ള കല്ലുകൾ പെറുക്കിത്തരിക...' എറിയാൻ പാകത്തിലുള്ള ചെറിയ കല്ലുകൾ ഞാൻ റസൂലിന് പെറുക്കിക്കൊടുത്തു. (കടല മണിയുടെ അത്രയുള്ള) അവ കൈയിലെടുത്തുകൊണ്ട് തിരുദൂതർ പറഞ്ഞു: 'ഇത്തരം ചെറിയ കല്ല് കൊണ്ടാണ് എറിയേണ്ടത്. ദീനിൽ തീവ്രത കാണിക്കുന്നത് സൂക്ഷിക്കുക. ദീനിൽ തീവ്രത കാണിച്ചതാണ് നിങ്ങൾക്കു മുമ്പുള്ളവരെ നശിപ്പിച്ചത് (നസാഈ).**

തീവ്രതയും അലസതയും ഇസ്‌ലാമിന് അന്യമാണ്. അല്ലാഹുവിന്റെയും റസൂലിന്റെയും പരിധികൾ മറികടക്കാത്തവനാണ് മുസ്‌ലിം. ആജ്ഞകൾ അനുസരിക്കാതിരിക്കുന്നതുപോലെത്തന്നെ പാപമാണ് അവ പരിധി ലംഘിച്ച് ചെയ്യുന്നതും. എത്ര പുണ്യമുള്ള പ്രവൃത്തിയായാലും അതിരുകൾ ലംഘിച്ചാണ് ചെയ്യുന്നതെങ്കിൽ അത് അപകടം വരുത്തിവെക്കും.

ഏതു കാര്യത്തിലായാലും തീവ്രത കാണിക്കുന്നതിനോട് കടുത്ത നിലപാടാണ് അല്ലാഹുവും റസൂലും സ്വീകരിച്ചിട്ടുള്ളത്.

ഇക്കാര്യമാണ് മുകളിലെ ഹദീസിൽ അല്ലാഹുവിന്റെ ദൂതൻ (സ) വ്യക്തമാക്കുന്നത്. ജംറകളെ എറിയൽ ഹജ്ജിന്റെ അനിവാര്യ ഘടകമാണ്. എന്നാൽ എറിയാനെടുക്കുന്ന കല്ലുകൾ ചെറുതാവണം; എറിയുന്നത് പിശാചിനെയാണെങ്കിലും. വലിയ കല്ലുകളോ മറ്റെന്തെങ്കിലും വസ്തുക്കളോ അതിനായി ഉപയോഗിക്കുന്നത് ദീനിലെ തീവ്രതയാണ്. ഇത്തരം തീവ്രതകൾ വിജയത്തിലേക്കല്ല, പരാജയത്തിലേക്കാണ് കൊണ്ടുപോവുകയെന്ന് തിരുദൂതർ മുന്നറിയിപ്പ് നൽകുന്നു. ഇതിന് സാക്ഷ്യമായി കഴിഞ്ഞകാല ജനതകളുടെ പതനം ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

ഈ ഹദീസിനെ വിശദീകരിച്ച് ഇബ്നുൽ ഖയ്യിം (റ) പറഞ്ഞു: 'അലസതക്കും തീവ്രതക്കും ഇടയിലുള്ളതിനെ എടുക്കാനാണ് ഈ ഹദീസ് പ്രേരിപ്പിക്കുന്നത്. അതാണ് അനീതിയിൽനിന്നുള്ള രക്ഷാമാർഗം. രണ്ടറ്റങ്ങൾക്കിടയിലുള്ളതാണ് നീതി. ഏതെങ്കിലും ഒരു ഭാഗത്തേക്ക് ചാഞ്ഞാൽ അത് ന്യൂനതയാണ്. അതിന്റെ ഉപോൽപ്പന്നങ്ങളും ന്യൂനതകളുള്ളതായിരിക്കും.'

നബി (സ) അരുളി: 'നിങ്ങൾ സ്വയം തീവ്രത കാണിക്കരുത്. അപ്പോൾ അല്ലാഹുവും നിങ്ങൾക്കെതിരെ തീവ്ര നിലപാടെടുക്കും. പണ്ടൊരു ജനത ഇപ്രകാരം സ്വയം തീവ്ര നിലപാടുകളെടുത്തു. അപ്പോൾ അല്ലാഹു അവർക്കെതിരെയും തീവ്രത കാണിച്ചു. ആശ്രമങ്ങളിലും മഠങ്ങളിലുമതാ അവയുടെ ബാക്കിപത്രങ്ങൾ.'

'എന്നാൽ അവർ സ്വയം സന്ന്യാസം കെട്ടിച്ചമച്ചു, നാം അവർക്കത് നിയമമാക്കിയിരുന്നില്ല' (അബൂദാവൂദ്). മറ്റൊരിക്കൽ റസൂൽ (സ) സ്വഹാബികളെ മൂന്നു തവണ ഇപ്രകാരം ഉണർത്തി: 'തീവ്രത കാണിക്കുന്നവർ നശിച്ചുപോയിരിക്കുന്നു' (മുസ്‌ലിം).

അല്ലാഹുവിന് ഏറെ ഇഷ്ടപ്പെട്ട ആരാധനാ കർമങ്ങളിൽ പോലും പരിധി ലംഘിക്കുന്നത് പ്രവാചകൻ കണിശമായി വിലക്കി. രാത്രി മുഴുവൻ നമസ്കരിക്കുമെന്നും എല്ലാ പകലുകളിലും നോമ്പനുഷ്ഠിക്കുമെന്നും ഒരിക്കലും വിവാഹം കഴിക്കുകയില്ലെന്നും പ്രതിജ്ഞയെടുത്തവരോട് പ്രവാചകൻ പറഞ്ഞ വാക്കുകൾ ഏറെ പ്രശസ്തമാണ്; 'ഞാനാണ് നിങ്ങളേക്കാൾ ഭയഭക്തിയുള്ളവൻ. ഞാൻ നോമ്പെടുക്കുന്നു, എടുക്കാതിരിക്കുന്നു. നമസ്കരിക്കുന്നു, ഉറങ്ങുന്നു. വിവാഹം ചെയ്യുന്നു. ആരെങ്കിലും എന്റെ ചര്യയെ വെറുത്താൽ അവൻ എന്റെ കൂട്ടത്തിലുള്ളവനല്ല' (ബുഖാരി, മുസ്‌ലിം).

ആഇശ (റ) ഇപ്രകാരം പറയുന്നു: ഒരു ദിവസം നബി (സ) വന്നപ്പോൾ എന്റെയടുക്കൽ ഒരു സ്ത്രീയുണ്ടായിരുന്നു. അവിടുന്ന് ചോദിച്ചു: 'ആരാണിവർ?' അവരെ പരിചയപ്പെടുത്തി ആഇശ (റ) പറഞ്ഞു: 'ഇവർ അവരുടെ നമസ്

കാരത്തിന്റെ മഹിമ പറയുകയാണ്.' റസൂലിന്റെ മറുപടി ഇപ്രകാരമായിരുന്നു: 'അരുത്! കഴിയുന്നത് ചെയ്താൽ മതി. നിങ്ങൾക്ക് മടുപ്പുണ്ടാവുന്നതു വരെ അല്ലാഹുവിന് മടുപ്പുണ്ടാവുകയില്ല' (ബുഖാരി, മുസ്‌ലിം).

ബുഖാരിയിലെ ഒരു അധ്യായത്തിന്റെ തലക്കെട്ടു തന്നെ القصد والمداومة على العمل (കർമങ്ങളുടെ മിതത്വവും നൈരന്തര്യവും) എന്നാണ്.

ഒരു യാത്രയിൽ ആളുകൾ തിങ്ങിക്കൂടി നിൽക്കുന്നതിനിടയിൽ തണലിൽ വിശ്രമിക്കുന്ന ഒരാളെ കണ്ടപ്പോൾ റസൂൽ ചോദിച്ചു: 'ഇയാൾക്കെന്തു പറ്റി?' അവർ പറഞ്ഞു: 'നോമ്പുകാരനാണ്.' നബിയുടെ മറുപടി ഇപ്രകാരമായിരുന്നു: 'യാത്രയിൽ നോമ്പനുഷ്ഠിക്കുന്നതിൽ ഒരു പുണ്യവുമില്ല' (ബുഖാരി, മുസ്‌ലിം).

നബി (സ) തന്റെ നിയോഗ ലക്ഷ്യത്തെക്കുറിച്ച് ഇപ്രകാരം വിശദീകരിക്കുന്നുണ്ട്: 'അല്ലാഹു എന്നെ ആളുകളെ പ്രയാസപ്പെടുത്താനോ ബുദ്ധിമുട്ടിക്കാനോ അല്ല നിയോഗിച്ചിട്ടുള്ളത്. മറിച്ച് ആളുകൾക്ക് ആശ്വാസം നൽകുന്ന അധ്യാപകനായിട്ടാണ്' (മുസ്‌ലിം).

മറ്റൊരു ഹദീസിൽ ഇങ്ങനെ: 'തീർച്ചയായും ഈ ദീൻ എളുപ്പമാണ്. ഇതിലേക്കാരെങ്കിലും തീവ്രത കൊണ്ടുവന്നാൽ അതവനെ പരാജയപ്പെടുത്തും. അതിനാൽ നേർപാതയിലൂടെ സഞ്ചരിക്കുക, ലക്ഷ്യത്തിനടുത്തെത്തുക. സന്തോഷിക്കുക, സന്തോഷിപ്പിക്കുക. രാവിലെയും വൈകുന്നേരവും രാത്രിയിൽ കുറച്ച് നേരവും അല്ലാഹുവിനോട് സഹായം തേടുക' (ബുഖാരി).

തിരുദൂതർ വിശ്വാസികളോട് നൽകുന്ന ഉപദേശമിതാണ്: 'മിതത്വം പാലിക്കുക, മിതത്വം പാലിക്കുക എങ്കിലേ ലക്ഷ്യത്തിലെത്താനാവൂ...' (ബുഖാരി, മുസ്‌ലിം). മടുപ്പുണ്ടാവുമോ എന്ന് പേടിച്ച് ഇടക്കിടക്കേ അല്ലാഹുവിന്റെ റസൂൽ ഞങ്ങളെ ദീനിന്റെ കാര്യങ്ങൾ പഠിപ്പിച്ചിരുന്നുള്ളൂ എന്ന് ഇബ്നു മസ്ഊദ് (റ) പറയുന്നുണ്ട് (ബുഖാരി).

ഏതൊരു കർമത്തിലും തിരുദൂതരുടെ നിലപാടിനെ ആഇശ (റ) ഇപ്രകാരം വിശദീകരിക്കുന്നുണ്ട്: 'രണ്ടിലൊന്ന് എടുക്കേണ്ടി വന്നാൽ അല്ലാഹുവിന്റെ റസൂൽ (സ) ഏറ്റവും എളുപ്പമുള്ളതാണ് എടുത്തിരുന്നത്; അത് തെറ്റല്ലെങ്കിൽ. തെറ്റാണെങ്കിൽ, അതിൽനിന്ന് ഏറ്റവും അകന്നു നിൽക്കുന്നയാൾ റസൂലായിരിക്കും' (ബുഖാരി).

ഇവിടെ പ്രത്യേകം ഗ്രഹിച്ചിരിക്കേണ്ട കാര്യമുണ്ട്. തീവ്രതയരുത് എന്നതിനർഥം ബാധ്യതകൾ നിർവഹിക്കുന്നതിലും അവകാശങ്ങൾ നേടിയെടുക്കുന്നതിലും വീഴ്ച വരുത്തണമെന്നല്ല; മറിച്ച് എല്ലാ കർമങ്ങളും അല്ലാഹുവിന്റെയും റസൂലിന്റെയും പരിധികൾ പാലിച്ചാകണമെന്നാണ്.

ഇബ്നു അബ്ബാസ് (റ) അല്ലാഹുവിന്റെ റസൂലിന്റെ വുദൂവിനെ ഇപ്രകാരം വർണിച്ചു:

فتوضأ ولم يكثر من الماء ، ولم يقصر في الوضوء

'പ്രവാചകൻ വുദൂവെടുത്തു. വെള്ളം അമിതമെടുത്തില്ല; വുദൂ പരിമിതപ്പെടുത്തിയതുമില്ല' (മുസ്‌ലിം). ●